(ബി) പാലക്കാട് ജില്ലയിലെ പ്ലാച്ചിമട പ്രദേശത്ത് കൊക്കകോള കമ്പനി പ്രവർത്തിച്ചതിന്റെ ഫലമായി അവിടെ വിവിധ മേഖലകളിൽ ഉണ്ടായിട്ടുള്ള കഷ്ടനഷ്ടങ്ങൾ വിലയിരുത്തുന്നതിനുവേണ്ടി സർക്കാർ ഒരു ഹൈ പവർ കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി ജലവിഭവം, ആരോഗ്യം, കാർഷികം തുടങ്ങിയ മേഖലകളിൽ നടത്തിയ പഠനത്തിൽ 216.26 കോടി രൂപയുടെ നഷ്ടം വിലയിരുത്തുകയുണ്ടായി. ഹൈപവർ കമ്മിറ്റി വിവിധ മേഖലകളിൽ കണക്കാക്കിയ നഷ്ടം താഴെ ചേർക്കുന്നു :

കൃഷിനാശം	-	84.16 കോടി
ജലവിതരണം	-	20 "
ആരോഗ്യ മേഖല	-	30 "
തൊഴിൽ മേഖല	-	20 "
ജലമലിനീകരണം	-	62.10 "
ആകെ	-	216.26 "

(സി) ഈ വിഷയത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം സർക്കാർ ആരാഞ്ഞിരിക്കുകയാണ്. ആയത് ഇതുവരെ ലഭ്യമായിട്ടില്ല.

മലപ്പുറം, തൃശ്ശൂർ ജില്ലകളിലെ കനോലി കനാൽ പരിസരത്തെ ജനങ്ങൾക്ക് കടിവെള്ളം

209 (901) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കനോലി കനാലിലെ വെളിയങ്കോട് ലോക്ക്-കം-ബ്രിഡ്ജ് തകർന്നതുമൂലം ആയിരക്കണക്കിന് കുടുംബങ്ങളുടെ ശുദ്ധജലലഭ്യത ഇല്ലാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സി.എസ്.ഐ.എൻ.ഡി.-യുടെ കീഴിൽവരുന്ന പ്രസ്തുത പ്രവൃത്തി നടത്തുന്നതിന് അടുത്ത ആർ.ഐ.ഡി.എഫ്. ഫണ്ടിൽ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) മലപ്പുറം, തൃശ്ശൂർ ജില്ലകളിലെ കനോലി കനാൽ പരിസരത്തെ ജനങ്ങൾക്ക് കടിവെള്ളം ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ പ്രവൃത്തിക്ക് 2100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നബാർഡ് ആർ.ഐ.ഡി.എഫ്. 20-ൽ ഉൾപ്പെടുത്തി സമർപ്പിച്ചുവെങ്കിലും NABARD-ന്റെ അംഗീകാരം ലഭ്യമായില്ല.

(സി) തൃശ്ശൂർ ജില്ലയിൽ കനോലി കനാൽ പരിസരത്ത് വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ നിലവിലുള്ള പ്രദേശങ്ങളിലെല്ലാം ഈ പദ്ധതികളിൽനിന്നും ജലവിതരണം നടത്തിവരുന്നുണ്ട്. ഈ പരിസരത്ത് നടത്തിവരുന്ന പുതിയ പദ്ധതികളെല്ലാം അടിയന്തരമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

മലപ്പുറം ജില്ലയിലെ കനോലി കനാൽ ഉൾപ്പെടുന്ന പൊന്നാനി മുനിസിപ്പാലിറ്റിയിലെ മുഴുവൻ ജനങ്ങൾക്കും കുടിവെള്ളം ലഭ്യമാക്കുന്നതിനുതകുന്ന 62.14 കോടി രൂപയുടെ ഒരു സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കെ.എസ്.യു.ഡി.പി.-യിൽ സമർപ്പിച്ചിട്ടുണ്ട്.

കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ

210 (902) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ വരൾച്ചയെ നേരിടുന്നതിനും ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) നിലവിലുള്ള കുടിവെള്ള സ്രോതസ്സുകളെ മലിനമാക്കുന്നത് തടയുന്നതിനും കുടിവെള്ള വിതരണത്തിനുള്ള ജലം ശുദ്ധമാണെന്ന് ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) കുളങ്ങൾ, കിണറുകൾ തുടങ്ങി ചെറിയ കുടിവെള്ള സ്രോതസ്സുകൾ വരൾച്ചയ്ക്ക് മുമ്പ് നവീകരിക്കുന്നതിന് ജില്ലാതലത്തിൽ പദ്ധതികളാവിഷ്കരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly